**വ്യക്തിപരമായ വിശദീകരണം**

<u>ഭൂമി കയ്യേറ്റം</u>

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, എനിക്കെതിരെ അദ്ദേഹം രണ്ട് ആക്ഷേപങ്ങളാണ് പ്രധാനമായും പറഞ്ഞത്. ഒന്ന്, ഞാൻ ചിന്നക്കനാലിലെ ഭൂമി കയ്യേറിയെന്ന നിലയിൽ പറഞ്ഞു. അതുസംബന്ധിച്ച് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിക്ക് അറിയാമായിരിക്കും. റവന്യൂ വകുപ്പിന്റെ അന്വേഷണം....... ഞാൻ ഒരു കാര്യം നിയമസഭയുടെ മുമ്പാകെ എല്ലാ സാമാജികരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും കേൾക്കുന്നതിനായി പറയാൻ ആഗ്രഹിക്കുന്നു. എനിക്ക് അർഹതപ്പെടാത്ത ഒരിഞ്ച് സ്ഥലമോ/ഒരു സെന്റ് സ്ഥലമോ ഞാൻ കൈവശം വയ്ക്കാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ അധിക ഭൂമി കൈവശമുണ്ടെങ്കിൽ സർക്കാർ എടുക്കുന്ന നടപടിയോട് പൂർണ്ണമായും സഹകരിച്ച് ഞാൻ മുന്നോട്ടുപോകും.

രണ്ടാമത്തെ കാര്യം അദ്ദേഹം പറഞ്ഞത്, ഞാൻ കഴിഞ്ഞ ദിവസം സഭാ സമ്മേളനത്തിനായി വരുന്നതിനുമുമ്പ് എന്റെ നിയോജകമണ്ഡലത്തിലെ ഏഴുപേർക്ക് വീടുവച്ച് കൊടുത്തതിനെ സംബന്ധിച്ചാണ്. അത് ശരിയാണ്. ഞാൻ അത് അച്ചടിച്ച പബ്ലിക്

നോട്ടീസിലടക്കം ലൈഫിന്റെ സപ്പോർട്ടോടുകൂടി പൂർത്തീകരിച്ച വീടാണെന്ന് പറഞ്ഞു. പതിനെട്ട് സെന്റ് സ്ഥലം വാങ്ങി ഏഴുപേർക്ക് രണ്ട് നിലയിലുള്ള വീട് പൂർത്തിയാക്കി. അതുസംബന്ധിച്ച് അദ്ദേഹം ഇവിടെ പറയാൻ കാരണം, അതിന് ഞങ്ങൾ 'ഭാരത് ജോഡോ വില്ല' എന്നാണ് പേര് കൊടുത്തത്. ഇന്നത്തെ കാലഘട്ടത്തിൽ വർഗ്ഗീയതക്കെതിരെ ഏറ്റവും ശക്തമായ പോരാട്ടം നടത്തിയ ശ്രീ. രാഹുൽ ഗാന്ധിയുടെ ഐതിഹാസികപരമായ ആ യാത്രയെ അനുസ്മരിക്കുന്നതിനുവേണ്ടി ഭാരത് ജോഡോ വില്ല എന്ന പേര് നൽകിയത്. അതിന്റെ പേരിൽ...........

<u>മി. സ്പീക്കർ</u>: പ്ലീസ്.......പ്ലീസ്.............

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അദ്ദേഹം ആക്ഷേപം ഉന്നയിച്ച നിലയ്ക്ക് അദ്ദേഹം ഒരു പരാതി ബഹുമാന്യനായ മുഖ്യമന്ത്രിക്ക് നൽകട്ടെ. അദ്ദേഹം എനിക്കെതിരെ ഇതിന് മുമ്പ് വിജിലൻസ് പ്രോസിക്യൂഷന് അനുമതി നൽകി. ഈ വിഷയത്തിൽ അങ്ങ് വീണ്ടും ഒരു പ്രോസിക്യൂഷന് അനുമതി നൽകണം. ഞാൻ അതിനുവേണ്ടി പണം പിരിച്ചിട്ടുണ്ടോ, അതിനുവേണ്ടി അനധികൃതമായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ, അതുസംബന്ധിച്ച് സർക്കാർ ഒരന്വേഷണം നടത്തണം. വിജിലൻസ്

അന്വേഷണം നടത്തി അതിനും ഒരു തീരുമാനം സർക്കാർ പ്രഖ്യാപിക്കണം. ദയവ് ചെയ്ത് പാവപ്പെട്ടവർക്കുവേണ്ടി ചെയ്യുന്ന ഇതുപോലെയുള്ള കാര്യങ്ങളിലെങ്കിലും കുറഞ്ഞപക്ഷം ഒരു മര്യാദ കാണിക്കാൻ നിങ്ങൾ തയ്യാറാകണമെന്ന് മാത്രമാണ് പറയാനുള്ളത്.